## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1812 15-07-2016-ൽ മറുപടിയ്ക്ക്

### കടുത്തുരുത്തി പട്ടികജാതി-പട്ടികവർഗ്ഗ ഐ.റ്റി.ഐ.യുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എ.കെ. ബാലൻ**<br><br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി) |
| എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മധുരവേലി പട്ടികവർഗ്ഗ വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ-യുടെ കെട്ടിട നിർമ്മാണത്തിന്, ദക്ഷിണ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ വ്യക്തമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ." ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മധുരവേലിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഐ.റ്റി.ഐ. ഇല്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ. യുടെ കെട്ടിട നിർമ്മാണത്തിന് ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ പട്ടികജാതി വികസന വകുപ്പു ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| ബി) | ഈ ഐ.റ്റി.ഐ-യുടെ കെട്ടിട നിർമ്മാണ അനുമതിക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ ഫയൽ നമ്പറും തീയതിയും അറിയിക്കാമോ. കൂടാതെ സെക്രട്ടേറിയറ്റ് ഫയൽ നമ്പർ കൂടി ലഭ്യമാക്കാമോ ? | ബി) | മധുരവേലി ഐ.റ്റി.ഐ-യുടെ കെട്ടിട നിർമ്മാണാനുമതിയ്ക്കുള്ള ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ കാര്യാലയം
പട്ടികജാതി വികസന വകുപ്പ്
അയ്യങ്കാളി ഭവൻ, കനകനഗർ വെള്ളയമ്പലം, തിരുവനന്തപുരം-695003
ഫോൺ: 0471-2316680 ഇ-മെയിൽ itsztvm@gmail.com

നമ്പർ.എ2 -507 /2015 തീയതി: 26/03/2016

ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: പട്ടികജാതിവികസന വകുപ്പ്-ദക്ഷിണമേഖല -മധുരവേലി ഐ.ടി.ഐ - കെട്ടിടം മെയിന്റനൻസ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:
1) ഈ ഓഫീസിലെ ഇതേ നമ്പരിലെ 14/09/2015 ലെ പ്രൊപ്പോസൽ
2) ട്രെയിനിംഗ് ഓഫീസറുടെ 06/10/2015 ലെ റ്റി1-23453/15 നമ്പർ കത്ത്
3) ട്രെയിനിംഗ് ഓഫീസറുടെ ഇതേ നമ്പരിലെ 09/02/2016 ലെ അർദ്ധ ഔദ്യോഗിക കത്ത് .
4) PWD Executive Engineer കോട്ടയത്തിന്റെ 19/11/2014 ലെ D1-3360/14 നമ്പർ കത്ത്.
5) PWD Executive Engineer കോട്ടയത്തിന്റെ 23/02/2015 ലെ D1- 3360/14 നമ്പർ കത്ത്.
6) Asst. Engineer വൈക്കത്തിന്റെ 06/10/2015 ലെ BY 125/2014 നമ്പർ കത്ത്.
7) Chief Engineer TVM-ന്റെ 21/08/2015 ലെ CE/BL/PL1/KTM/2367/15 നമ്പർ കത്ത്
8) മധുരവേലി ഐ.ടി.ഐ ട്രെയിനിംഗ് സൂപ്രണ്ടിന്റെ 26/11/2015 ലെ 14/2014 നമ്പർ കത്ത്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പിന്റെ ദക്ഷിണമേഖലയുടെ അധീനതയിലുള്ള മധുരവേലി ഐ.ടി.ഐയിൽ കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിനായി PWD Chief Engineer തയ്യാറാക്കിയ 31.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സൂചന (1) പ്രകാരം അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ 19/11/2014 ൽ കോട്ടയം PWD Chief Engineer സമർപ്പിച്ച 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ നടപടിയെടുക്കണമെന്നും ടി വർക്ക് പൂർത്തീകരിക്കുന്നതിന് 9 ലക്ഷം രൂപ അനുവദിക്കണമെന്നും ബഹു. എം.എൽ.എ ആവശ്യപ്പെടുന്നതിൽ വിശദമായ റിപ്പോർട്ട് സൂചന (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

എന്നാൽ സൂചന (4) പ്രകാരം 19/11/2014 ൽ ഐ.ടി.ഐ മധുരവേലി കെട്ടിടത്തിന്റെ മെയിന്റനൻസിനായി 9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. എന്നാൽ ടി എസ്റ്റിമേറ്റ് ട്രെയിനിംഗ് സൂപ്രണ്ടിന്റെ നിർദ്ദേശ പ്രകാരം ബിൽഡിംഗിന്റെ അറ്റകുറ്റ പണിക്കുമാത്രമായിട്ട് എടുത്തിട്ടുള്ളതാണെന്നും എന്നാൽ സ്ഥലം എം.എൽ.എ ബഹു. മോൻസ് ജോസഫിന്റെ നിർദ്ദേശപ്രകാരം ട്രെയിനിംഗ് സൂപ്രണ്ട് PWD -ൽ ആവശ്യപ്പെട്ടതനുസരിച്ച് ബിൽഡിംഗ് മെയിന്റനൻസിനൊപ്പം ചുറ്റു മതിൽ പുതുക്കി പണിയുന്നതും പടിപ്പുര നിർമ്മിക്കുന്നതും കൂടി ഉൾപ്പെടുത്തി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് സൂചന (5) പ്രകാരം നൽകിയിട്ടുള്ളതെന്ന് സൂചന (6) പ്രകാരം PWD Asst. Engineer വൈക്കം അറിയിച്ചിരിക്കുന്നത്.

(മറുപുറം)

ഈ 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ Abstract-ഉം Detailed estimate ഉം തമ്മിൽ തുക വ്യത്യാസപ്പെട്ടതായി കണ്ടെത്തി . ആയത് പരിഹരിക്കുന്നതിന് ടി എസ്റ്റിമേറ്റ് തിരിച്ചയയ്ക്കുകയും അപാകത പരിഹരിച്ച് സൂചന (7) പ്രകാരം 31.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിക്കുകയും ചെയ്തിരുന്നു.

എന്നാൽ സൂചന (2) കത്തിൽപ്പറയുന്ന 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല എന്ന് സൂചന (8) പ്രകാരം മധൂരവേലി ഐ.ടി.ഐ ട്രെയിനിംഗ് സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

സൂചന (7) പ്രകാരം ലഭ്യമായിട്ടുള്ള 31.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, Appendix A ഐ.ടി.ഐ ബിൽഡിംഗ് മെയിന്റനൻസിനും റിനോവേഷനും കൂടി 16,84,552/- രൂപയുടെ എസ്റ്റിമേറ്റും Appendix B. ചുറ്റുമതിലിന്റെ മെയിന്റനൻസിന് 10,21,626/- രൂപയുടെ എസ്റ്റിമേറ്റും Appendix C പടിപ്പുര നിർമ്മാണത്തിന് 2,49,187/- രൂപയുടെ എസ്റ്റിമേറ്റും ഇലക്ട്രിഫിക്കേഷൻ വർക്കിന് 1 ലക്ഷം രൂപയും അപ്രതീക്ഷിത ചെലവുകൾക്കായി 94,655/- രൂപയും കൂടിയിട്ടുള്ളതാണെന്ന് അങ്ങയെ അറിയിച്ചു കൊള്ളുന്നു.

മേൽ സാഹചര്യത്തിൽ ബഹു. എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം ലഭ്യമായിട്ടുള്ള 31.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഐ.ടി.ഐ മധൂരവേലി കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനും മെയിന്റനൻസിനും വേണ്ടി അംഗീകരിച്ച് ഭരണാനുമതി ഉത്തരവ് നൽകുന്നതിനുള്ള മേൽ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ട്രെയിനിംഗ് ഇൻസ്പെക്ടർ
ദക്ഷിണമേഖല, തിരുവനന്തപുരം